**No.CEE/4848/2013/ KEAM- 2014/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേക്കുള്ള പ്രവേശനം–2014 മാർക്ക് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്യാം

കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക്, അവരുടെ **മാർക്ക് ഡാറ്റാ ഷീറ്റ്** www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും **25.06.2014** മുതൽ ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ **വിദ്യാർത്ഥിയുടെ റോൾ നമ്പരും, ആപ്ലിക്കേഷൻ നമ്പരും** കൃത്യമായി നൽകിയതിനുശേഷം മാർക്ക് ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത മാർക്ക് ഡാറ്റാ ഷീറ്റ് വിദ്യാർത്ഥി അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്. തപാൽ വഴി മാർക്ക് ഡാറ്റാ ഷീറ്റ് വിതരണം ചെയ്യുന്നതല്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് അവരുടെ മാർക്ക് ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാൻ സാദ്ധ്യമാകുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
25.06.2014